

# മണവാളൻ

● വി. ഹശ്ഹാശ്

മാനത്തുണ്ടൊരു
മണവാളൻ
പുഞ്ചിരി തൂകും
മണവാളൻ
മാടി വിളിക്കും
മണവാളൻ
മൊഞ്ചുള്ളൊരു
മണവാളൻ
അന്തി വാനിൽ
ഏന്തി നോക്കും
പാൽ കിണ്ണം പോലൊരു
മണവാളൻ!

# ബാല്യകാലം

● അസുരമംഗലം വിജയകുമാർ

കണ്ണൻചിരട്ടയിലുമ്മറമുറ്റത്തു
മണ്ണപ്പം ചുട്ടു കളിച്ച കാലം!
വിണ്ണിലെ താരകളെണ്ണാൻ മിനക്കെട്ടു
കണ്ണു കഴച്ചു കുഴഞ്ഞ കാലം!
ചങ്ങാതിമാരൊത്ത് പാടത്തെ വെള്ളത്തിൽ
മുങ്ങിക്കുളിച്ചു മദിച്ച കാലം!
തമ്മിൽ പിണങ്ങിയും പിന്നീടിണങ്ങിയും
കണ്ണീരണിയിച്ച ബാല്യകാലം!
മങ്ങാത്ത ചിത്രമായുള്ളിൽ തെളിയുന്നു
എങ്ങോ മറഞ്ഞൊരാ നല്ല കാലം!






***കഥാസാരം:*** രാജകുമാരിക്ക് കലശലായ പനി. കാലിന് നീർവീഴ്ചയും. കൊടും കാട്ടിൽ വളരുന്ന ചക്കര ഇഞ്ചിങ്ങ എന്ന ചെടിയുടെ വേര് ചവച്ചരച്ച് കഴിച്ചാലേ ദീനം മാറൂ എന്ന് കൊട്ടാരം വൈദ്യര് പറഞ്ഞു. ചക്കര ഇഞ്ചിങ്ങ തേടി വൈദ്യരുടെ അസിസ്റ്റന്റ് ജിക്രുവിനെയും സൈനികരായ ഇഞ്ചനെയും ജിഞ്ചനെയും കൊടുംകാട്ടിലേക്ക് പറഞ്ഞയക്കാൻ തീരുമാനിച്ചു. ചക്കര ഇഞ്ചിങ്ങ കൊണ്ടുവന്നാൽ സ്വർണനാണയം സമ്മാനമുണ്ടാകുമെന്നും രാജാവ് പ്രഖ്യാപിച്ചു. അങ്ങനെയവർ ചക്കര ഇഞ്ചിങ്ങയും അന്വേഷിച്ച് കാട്ടിലൂടെയുള്ള യാത്ര തുടങ്ങി. കാട്ടിലവരൊരു അപ്പൂപ്പനെ കണ്ടു. വനത്തിന് നടുവിലെ കുളത്തിലെ വെള്ളം വറ്റിയിരിക്കുന്നതിന്റെ കാരണം അന്വേഷിക്കാൻ വന്നതാണ്. ഒരു പാറക്കഷ്ണം തടഞ്ഞതു കൊണ്ടായിരുന്നു  കുളത്തിലേക്ക് വെള്ളമെത്താതിരുന്നത്. എല്ലാവരും കൂടി പാറ തള്ളിമാറ്റി നടത്തം തുടർന്നു. മുന്നിലെ അരുവിയിലൂടെ നടക്കുമ്പോഴൊരു മുതല ഉയർന്നു ചാടി. അവർ ഭയന്ന് തിരികെ കയറി. മുള കൊണ്ടൊരു പാലം ഉണ്ടാക്കി അവരാ പുഴ കടന്നു. പെട്ടെന്നൊരു വലിയ പക്ഷി അവരെ ചുറ്റി പറക്കാൻ തുടങ്ങി.

▸▸ എവറസ്റ്റിന്റെ നെറുകയിൽ 22 തവണ കയറി റെക്കോർഡിട്ട നേപ്പാളി– കാമി റിത ഷെർപ്പ



# പാവം നായ്ക്കുട്ടൻ

• ധന്യ. എം.ബി

വയർ നിറയെ പാലുകുടിച്ച്
ഉറക്കമായി പൂച്ചമ്മ
പകൽ മുഴുവൻ മേഞ്ഞുനടന്ന്
ഉറക്കമായി പശുവമ്മ
ചിക്കി നടന്നു തളർന്നിട്ട്
ഉറക്കമായി കോഴിയമ്മ
കാ കാ കരഞ്ഞു മടുത്തിട്ട്
ഉറക്കമായി കാക്കമ്മ
ഊണ് കഴിഞ്ഞ് ഏമ്പക്കം വിട്ട്
ഉറക്കമായി ഉണ്ണിക്കുട്ടൻ
രാത്രി മുഴുവൻ കാവലിനായി
ഉണർന്നിരുന്നു നായ്ക്കുട്ടൻ!



# കുടകൾ

• ഹരീഷ്. ആർ. നമ്പൂതിരിപ്പാട്

മുത്തശ്ശനുണ്ടൊരു കാലൻകുട
മുത്തശ്ശിക്കോ നല്ലോരോലക്കുട
അച്ഛന്റെ കൈയിലോ ഫോറിൻ കുട
അമ്മതൻ കൈയിലോ ഞെക്കും കുട!

ചേച്ചിക്കു സ്വന്തമായ് വർണ്ണക്കുട
ചേട്ടനുമുണ്ട് മടക്കും കുട
എൻകൈയിലുണ്ടൊരു കുഞ്ഞിക്കുട
ചന്തം തികഞ്ഞൊരു കൊച്ചു കുട!

കണ്ണിന്റെ ഉൾവശം പരിശോധിക്കാൻ ഉപയോഗിക്കുന്ന ഉപകരണം– ഓഫ്താൽമോ സ്കോപ്



# വീട്

• വൈകുണ്ഠദാസ്

വീട് നല്ല വീട്
വേണുവിന്റെ വീട്
പൂമണക്കും വീട്
തേൻ മണക്കും വീട്
കുളിരുള്ള വീട്
തണലുള്ള വീട്
മരം ചൂടും വീട്
സുഖമുള്ള വീട്!

# പുഴ

• മടവൂർ രാധാകൃഷ്ണൻ

പുഴയൊഴുകുന്നതി-
നഴകുണ്ട്!
പുഴയിൽ
തുഴയാൻ രസമുണ്ട്!





# തത്തകളും കൊക്കുകളും

തത്തകളെല്ലാം പാടത്ത്
കൊത്തിയിരിക്കും നേരത്ത്
കൊക്കുകൾ വന്നൂ ചാരത്ത്
നോക്കൂ തത്തകൾ ദൂരത്ത്!

▸▸ ഇസ്‌ലാം ധർമ്മ പരിപാലന സംഘം എന്ന സംഘടനയുണ്ടാക്കിയത് – വക്കം അബ്ദുൽഖാദർ മൗലവി